ധരിപ്പിച്ചു കൊള്ളട്ടേ. ഒരു ഡിപ്പാർട്ടുമെൻറിലെ കായ്യനടത്തിപ്പിനും അംഗീകരിച്ചിട്ടുള്ള നയത്തിനും ഐകരൂപ്യമുണ്ടായിരിക്കേണ്ടതത്യാവശ്യമാണ്. മൈനർ ഇറിഗേഷൻ ജോലികളെ സംബന്ധിച്ചിടത്തോളം, ആ ഡിപ്പാർട്ടുമെൻറു പ്രത്യേകമായി സ്ഥാപിച്ച കാലത്തു തന്നെ, ഏതെങ്കിലും ജോലികൾക്കായി അനുവദിച്ചിട്ടുള്ള പണം ചിലവാകാതെ വന്നാൽ അതു അടുത്ത വർഷത്തിലേക്കു റിസർവു ഫണ്ടായി പ്രത്യേകം വയ്ക്കണമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആ തത്വം പൊതു മരാമത്തു വകുപ്പിലെ മറ്റു ജോലികളെ സംബന്ധിച്ചിടത്തോളം എന്തുകൊണ്ടു സ്വീകരിച്ചു കൂടാ എന്നാണ് ഞാൻ ചോദിക്കുന്നതു്? ജനങ്ങളുടെ ദീർഘകാലത്തെ നിവേദനങ്ങളുടെ ഫലമായി ഏതെങ്കിലും ഒരു വേലയ്ക്കു പണം ബഡ്ജറിൽ അനുവദിക്കുകയും, ഡിപ്പാർട്ടുമെൻറധികാരികളുടെ ശ്രദ്ധക്കുറവിനാലോ, അല്ലെങ്കിൽ അജ്ഞാതമായ മറ്റു വല്ല കാരണങ്ങളാലോ, ആ ജോലികൾ ആ വർഷത്തിൽ നിർവഹിക്കാതെ വരികയും ചെയ്താൽ ആണ്ടവസാനത്തിൽ ആ തുക ലാപ്സാകയും അടുത്ത കൊല്ലത്തിൽ അതിലേക്കാവശ്യമുള്ള തുക വീണ്ടും ബഡ്ജറിൽ ഉൾപ്പെടുത്താതിരിക്കുകയും ചെയ്യുമെന്നുള്ളതു സാധാരണ കണ്ടു വരുന്ന ഒന്നാണ്. ഈ പിശകുണ്ടാകാതിരിക്കാനാണ് റിസർവു ഫണ്ടു് ഉണ്ടാക്കണമെന്ന നിർബന്ധപൂർവം ആവശ്യപ്പെടുന്നതു്.

ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള രണ്ടാമത്തെ സംഗതി ഒരു പി. ഡബ്ളിയു. ഡി. ബോർഡുണ്ടായിരിക്കേണ്ടതിൻെറ ആവശ്യകതയാണ്. രാജ്യത്തിൻെറ നാനാഭാഗങ്ങളിലുമുള്ള മരാമത്തുപണികളുടെ ആവശ്യകതയേയും അത്യാവശ്യകതയേയും ചീഫ് എൻജിനീയരേയും ഗവണ്മെൻറിനേയും ധരിപ്പിക്കാൻ ഇങ്ങനെയുള്ള ഒരുസ്ഥാപനം വേണ്ടതാകുന്നു.

DEPUTY PRESIDENT: What can the Chief Engineer's travel do with regard to all that you say?

MR. T. P. VELAYUDHAN PILLAI (*Tiruvalla III*) : ചീഫ് എൻജിനീയർ ശരിയായി യാത്ര ചെയ്യുന്ന പക്ഷം പി. ഡബ്ളിയു. ഡി. ബോർഡിൻറ ആവശ്യകത അദ്ദേഹത്തിനു ബോദ്ധ്യപ്പെടും. തിരുവിതാംകൂറിൻറ ഒരറ്റം മുതൽ മറെറ അറ്റം വരെ സഞ്ചരിച്ചു് എല്ലാ സ്ഥലങ്ങളിലും അവശ്യം ഉടനടി നിർവഹിക്കേണ്ട ജോലികളുടെ അത്യാവശ്യകത മനസ്സിലാക്കാൻ ചീഫ് എൻജിനീയർക്കു സാധിക്കുന്നില്ല. ഈ ബോർഡുണ്ടായിരുന്നാൽ തൻമൂലം പ്രഥമമായും പ്രധാനമായും നിർവ

LIBRARY ARCHIVES Kerala Legislative Assembly

ഹിക്കേണ്ട ജോലികളുടെ സ്വഭാവവും പ്രയോജനവും ഗവണ്മെൻറിനെയും ചീഫ് എൻജിനീയരെയും ധരിപ്പിക്കുവാൻ കഴിയും.

RAO SAHIB S. PARAMESWARA AIYAR (*Nominated*): May I know from the member whether he wants a Board for each taluk, or for each Division or for the whole State?

MR. T. P. VELAYUDHAN PILLAI (*Tiruvalla III*): എന്റെ അഭിപ്രായം ഓരോ ഡിവിഷനിലേക്ക് ഓരോ ബോർഡും, ഡിവിഷൻ ബോർഡിൽനിന്നും ഓരോ മെമ്പർമാരെ തിരഞ്ഞെടുത്ത ഒരു സെൻട്രൽ ബോർഡും ഉണ്ടായിരിക്കണമെന്നാണ്.

ഗ്രാമോദ്ധാരണത്തെ സംബന്ധിച്ചും വേണ്ട നിർദ്ദേശങ്ങൾ ഈ ബോർഡിനു നൽകുവാൻ കഴിയും. എല്ലാ ഗ്രാമങ്ങളും ചുറ്റി സഞ്ചരിച്ച് ആവശ്യങ്ങൾ നേരിട്ട മനസ്സിലാക്കാൻ ചീഫ് എൻജിനീയർക്കു സാധിച്ചു എന്നു വരികയില്ലാ. അതു കൊണ്ടും ഈ ബോർഡിന്റെ ആവശ്യം വളരെയുണ്ടെന്നു പ്രത്യക്ഷപ്പെട്ടുണ്ടു്.

മൂന്നാമതായി ഗവണ്മെൻറിന്റെയും ചീഫ് എൻജിനീയരുടെയും ശ്രദ്ധയിൽ കൊണ്ടു വരണമെന്നു ഞാൻ ആഗ്രഹിക്കുന്ന സംഗതി ഡിപ്പാർട്ടുമെൻറിൽനിന്നും വിദേശികൾക്കു കാൺട്രാക്ട് കൊടുത്തു വരുന്ന സമ്പ്രദായത്തിന്റെ അനാശാസ്യതയെ കുറിച്ചാണു്.

DEPUTY PRESIDENT: I must say that that has nothing to do with the Chief Engineer's T. A. Whether the contracts are given to foreigners or not has nothing to do with this motion. It must come under the proper head.

MR. A. THANU PILLAI (*Trivandrum Rural*): ചീഫ് എൻജിനീയർ ശരിയായി സൂക്ഷിച്ചു ചെയ്തിരുന്നാൽ കൺട്രാക്ട് നാട്ടുകാർക്കു കൊടുക്കുന്ന പക്ഷം വിദേശികൾക്കു കൊടുക്കുന്നതിനേക്കാൾ നന്നായി ജോലിനടത്തുമെന്നു ബോദ്ധ്യപ്പെടാൻ സാധിക്കുകയില്ലേ?

MR. T. P. VELAYUDHAN PILLAI (*Tiruvalla III*): അതുതന്നെയാണു ഞാനും പറയുവാൻ ഭാവിക്കുന്നതു്.

MR. G. B. E. TRUSCOTT (*Chief Engineer*): I think Mr. Velayudhan Pillai has got a separate motion on that also, with regard to contracts in the P. W. Department.

DEPUTY PRESIDENT: If this is relevant, the fact that there is another motion does not prevent Mr. Velayudhan Pillai to move it. But I shall not be satisfied unless Mr. Velayudhan Pillai explains his position.

MR. T. P. VELAYUDHAN PILLAI (*Tiruvalla III*): ചീഫ് എൻജിനീർ കൺട്രാക്ടനുസരിച്ചു ജോലിനടത്തുന്ന സ്ഥലത്തു ശരിയായി സഞ്ചരിച്ചിരുന്നു എന്നു വരുകിൽ നാട്ടുകാരാൽ നടത്തപ്പെടുന്ന കൺട്രാക്ടറ്

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. P. Velayudhan Pillai.]

ജോലികൾ പൊതുവേ രാജ്യത്തിന്റെ രക്ഷയ്ക്കു കൂടുതൽ പ്രയോജനകരമായിരിക്കുമെന്ന് അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടമായിരുന്നു.

DEPUTY PRESIDENT: I must say I am not convinced of the relevancy unless you make a positive statement that, if a contract is entrusted to a Travancorean, he will do it better than an outsider.

MR. T. P. VELAYUDHAN PILLAI (*Tiruvalla III*): ചീഫ് എൻജിനീയർ ശരിയായി സഞ്ചരിക്കാത്തതുകൊണ്ടും, അദ്ദേഹത്തിന്റെ സ്നേഹിതന്മാരോ പരിചയക്കാരോ ആയ വിദേശികൾക്കു കൺട്രാക്റ്റു കൊടുക്കുന്നതുകൊണ്ടും ഇപ്പോൾ ജോലികൾ ശരിയായി നിർവഹിക്കപ്പെടുന്നില്ല. നേരെ മറിച്ചു നാട്ടുകാരായ ആളുകൾക്കു കൺട്രാക്റ്റു കൊടുക്കുന്ന പക്ഷം ചീഫ് എൻജിനീയർ ഏതവസരത്തിലും ഇവിടെ വന്നു പരിശോധിച്ചു ന്യൂനതകൾ കണ്ടുപിടിച്ചേയ്ക്കുമെന്നുള്ള ഭയംകൊണ്ടു്, അവർ ശരിയായും രാജ്യരക്ഷയ്ക്കുതകുമാറു കാംക്ഷിച്ചും ജോലികൾചെയ്തു തീർക്കുമെന്നാണ് എന്റെ അഭിപ്രായം.

MR. A. EASVARA PILLAI (*Kottarakara*): വിദേശീയ കൺട്രാക്ടർമാർ ശരിയായി ജോലിനടത്തുകയില്ലെന്നു പറയാൻ കാരണമെന്താണ്?

MR. T. P. VELAYUDHAN PILLAI (*Tiruvalla III*): വിദേശികളായ കൺട്രാക്ടർമാർ ചീഫ് എൻജിനീയർക്കു അടുത്തപരിചയമുള്ളവരും സ്നേഹിതന്മാരുമായിരിക്കും. അതിനാൽ അവർ അദ്ദേഹത്തെ അശേഷം ഭയപ്പെടുകയില്ല തന്നിമിത്തം ശരിയായ ജോലിയും നടക്കുകയില്ല.

MR. A. EASVARA PILLAI (*Kottarakara*): വലിയ കൺട്രാക്റ്റുകൾ നടത്തുന്നതിനു നാട്ടുകാരായ ആളുകൾ പ്രാപ്തന്മാരാണോ?

MR. T. P. VELAYUDHAN PILLAI (*Tiruvalla III*): വളരെ ആളുകൾ പ്രാപ്തന്മാരായുണ്ടെന്നാണ് എന്റെ അഭിപ്രായം. ഉദാഹരണമായി പറയുന്നപക്ഷം മൂന്നു കൺട്രാക്ടിനെ സംബന്ധിച്ചു എനിക്കു പ്രസ്താവിക്കുവാനുണ്ടു്; അതായതു് തിരുവനന്തപുരം പട്ടണത്തിലുള്ള ജഗതി പാലം പണി, കായംകുളം മാക്കറ്റു പാലം പണി, കാഞ്ഞിരപ്പള്ളി താലൂക്കിലുള്ള കനാലിപാലം ഇവകളാണ്. ഇതൊന്നുതന്നെ വലിയ സംഖ്യ ചിലവുചെയ്തു നടത്തേണ്ടതല്ല.

DEPUTY PRESIDENT: The member stated that, if the Chief Engineer is travelling frequently, at any rate more frequently, he will be convinced that the contract would be given to Travancoreans in preference to foreigners I say, in order to make it relevant, Mr. Velayudhan Pillai will have to make a statement to this House that he considers that a Travancorean, if given a contract, will execute it better than an outsider. Unless you say that, I shall not hold that point to be relevant.

LIBRARY ARCHIVES Kerala Legislative Assembly

MR. N. E. VARUGHESE (*Tiruvalla I*): ഈപണിനടത്തുന്നതിനു നാട്ടുകാർ തയ്യാറുണ്ടായിരിക്കയോ ടെണ്ടർകൊടുക്കുകയോ ചെയ്തിട്ടുണ്ടോ?

MR. T. P. VELAYUDHAN PILLAI (*Tiruvalla III*): എന്റെ അറിവിൽപെട്ടിടത്തോളം നാട്ടുകാരായ കൺട്രാക്ടർമാർ ടെണ്ടർ കൊടുത്തു എന്നാണ്. എന്നാൽ ഇങ്ങനെയുള്ള നാട്ടുകാരുടെ ഉദ്യമങ്ങളെ വിഫലപ്പെടുത്താനായി ഇപ്പോൾ സ്വീകരിച്ചുവരുന്ന നയത്തെപ്പറ്റിക്കൂടി അല്പം പ്രസ്താവിക്കേണ്ടതായിട്ടുണ്ട്.

DEPUTY PRESIDENT: That depends upon the contractor.

MR. T. P. VELAYUDHAN PILLAI (*Tiruvalla III*): ചീഫ്എൻജിനീയർ ശരിയായി യാത്രചെയ്തിരുന്നാൽ കൺട്രാക്ടറുകൾ നാട്ടുകാക്ക് കൊടുക്കുന്നതാണ് ജോലി നിർവ്വഹണത്തിനു എളുപ്പമെന്ന് അദ്ദേഹത്തിനു മനസ്സിലാകുമായിരുന്നു. വിദേശികളെക്കൊണ്ടു ജോലിനടത്തിക്കുന്നതിൽ ജോലികൾ ശരിയായി നടക്കുന്നില്ലെന്നു മാത്രമല്ല നമ്മുടെ പൊതുമുതലിൽനിന്നു ഭീമമായ ഒരു ഭാഗം വിദേശികൾ കൊണ്ടുപോകുന്നതിന് ഇടയാവുകയും ചെയ്യുന്നു. ഇതു രാജ്യക്ഷേമത്തിനു ഹാനികരമാണ്. ഈ മൂന്നു സംഗതികളെപ്പറ്റിയും ചീഫ്എൻജിനീയരും ഗവണ്മെൻറും ശരിയായി ആലോചിച്ച് ഉടനടി പ്രായോഗികമാക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു വിരമിച്ചുകൊള്ളുന്നു.

DEPUTY PRESIDENT: Is it because the Chief Engineer does not travel sufficiently that he gives the contract to outsiders in certain cases? I ask this because it is a very important question of relevancy. Does the member say that it is due to the fact that the Chief Engineer does not travel frequently that he is causing contracts being given to outsiders in preference to Travancorean? Is it because he does not travel?

MR. T. P. VELAYUDHAN PILLAI (*Tiruvalla III*): If the Chief Engineer travels sufficiently, he would have been convinced of the indispensable nature of giving contracts to the local contractors. This is prejudicial to the interests of the State in more ways than one. So I maintain, Sir, that my motion is in order.

MR. E. K. KUNJU RAMAN (*Nominated*): ചീഫ്എൻജിനീയരുടെ സഞ്ചാരപ്പടിയിൽനിന്നും ഒരു രൂപാകുറയ്ക്കണമെന്നുള്ള പ്രമേയത്തോടുകൂടി ഞാനും യോജിച്ചുകൊള്ളുന്നു. ഉൾനാടുകളിൽ സഞ്ചരിച്ച് അവിടത്തെ ആവശ്യങ്ങൾകൂടി അറിയണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ വലിയ സംഖ്യകൾ സഞ്ചാരപ്പടിയായി കൊടുത്തുവരുന്നത്. ഫാമുൻമുതൽ നടന്നിട്ടുള്ള ശ്രീമൂലം പ്രജാസഭയുടെ സമ്മേളനങ്ങളിലും നിയമസഭകളിലും തുടരെ വാദിച്ചുകൊണ്ടിരുന്നതായ പന്തളം ആറൻമുള രാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. K. Kunjuraman.]

ഡിന്റെ ശോച്യാവസ്ഥയെപ്പറ്റിയാണ് എനിക്കിവിടെ പ്രസ്താവിക്കാനുള്ളത്. ഈ റോഡ് പന്തളം, ആറൻമുള, കോഴഞ്ചേരി ഈ പ്രധാനസ്ഥലങ്ങളെ തമ്മിൽ യോജിപ്പിക്കാനുള്ള ഒരു പ്രധാനവഴിയാണ്. ഇതിനു ഏഴുമയിൽ മാത്രമേ നീളമുള്ളു. ഈ റോഡിന്റെ ആറാമത്തെ മൈലിൽ നാല്ക്കാലിക്കൽ തോട്ടിൽ ഒരു പാലം തീരേണ്ടതായിട്ടുണ്ട്. ഇതിലേക്ക്ഒന്നര രണ്ടു പ്രാവശ്യം എസ്റ്റിമേറ്റ് തയ്യാറാക്കി അയച്ചു എങ്കിലും അന്ന് ഓരോരോ കാര്യങ്ങൾ പറഞ്ഞു് ഉപേക്ഷിക്കുകയാണ് ചെയ്തുവ്. ഇതിനേപ്പറ്റി ഞാൻ ഈ സഭയുടെ നാലാമത്തെ സെഷനിൽ ചോദ്യം ചോദിച്ചപ്പോൾ താണിലവലിൽ ഒരു പാലം പണിയിക്കാൻ എസ്റ്റിമേറ്റ് തയാറാക്കി അയക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയരോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ചീഫിഞ്ചിനീയർ മറുപടി പറഞ്ഞു. എന്നാൽ ഇതുവരേയും യാതൊന്നും ചെയ്തിട്ടില്ല. അടുത്ത കൊല്ലത്തേക്കുള്ള ബഡ്ജറിൽ ഇതിനു വേണ്ടതുക കൊള്ളിച്ചിട്ടും ഇല്ല. ഇ ഠ വർഷത്തിനു മുൻപെ ഈ റോഡ് ജനങ്ങൾവെട്ടി ഗവണ്മെൻറിനെ ഏൽപ്പിച്ചതാണെന്നുള്ള സംഗതി പരസ്യമായിട്ടറിയാവുന്നതാണ്. ഇതുയും വർഷക്കാലമായി ജനപ്രതിനിധികളും ജനങ്ങളും മുറവിളിക്കൂട്ടിയിട്ടും ഡിപ്പാർട്ട്മെൻറാകട്ടേ ഗവണ്മെൻറാകട്ടെ ഈ റോഡിന്റെ ശോച്യാവസ്ഥയെ പരിഹരിക്കുന്നതിന് യാതൊന്നും ചെയ്തിട്ടില്ലെന്നു കാണുന്നതു് സങ്കടകരമാണ്. ചീഫ് എൻജിനീയക്ക് അദ്ദേഹത്തിന്റെ കാറിൽ ഈ പാലം പണിയേണ്ട സ്ഥലത്തിന്റെ രണ്ടുകരകളിലും വന്ന് അവിടത്തെ സ്ഥിതിഗതികൾ നോക്കാമായിരുന്നു. പാലമില്ലാത്തതു കാരണം കാറിൽ അക്കരകടക്കാൻ നിവൃത്തിയില്ലന്നേയുള്ളു. അദ്ദേഹം അങ്ങനെ വന്നുനോക്കിയിരുന്നെങ്കിൽ ആ പാലം എത്രയും വിളുപ്പം തീർത്തുതരുമായിരുന്നു, അടുത്തവർഷത്തിലെങ്കിലും ഇതെല്ലാം അദ്ദേഹം ചെയ്തുതരുമെന്നാണ് എന്റെ വിശ്വാസം.

MR. T. S. JAYANTAN NAMBOOTIRI (*Travancore Jenmies, North*): സർ, ഉൾനാട്ടിലെ ഗതാഗതസൌകര്യങ്ങളെ സംബന്ധിച്ചിടത്തോളം ചീഫ എഞ്ചിനീയരാകട്ടേ ഗവണ്മെൻറാകട്ടേ വേണ്ട ശ്രദ്ധ പതിപ്പിക്കുന്നില്ലെന്നുള്ളതു പരമാർത്ഥമായ ഒരു സംഗതിയാകുന്നു. ഈ കാര്യത്തെപ്പറ്റി ജനങ്ങളും ജനപ്രതിനിധികളും പ്രതിദിനം വാദിച്ചുകൊണ്ടിരിക്കുന്നതായി കാണാം. ഇതിനു കാരണം ചീഫ് എഞ്ചിനീയർ വേണ്ടതു ഉൾനാടുകളിൽ സഞ്ചരിച്ചു ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കാത്തതും, ഗ്രാമങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്ന വിഷയത്തിൽ ഒരു നിശ്ചിത

LIBRARY ARCHIVES Kerala Legislative Assembly

നയം പിൻതുടരാത്തതുമാണ്. ഈ സംഗതിയിൽ എന്തെങ്കിലും ഒരു വ്യവസ്ഥ ഉടനടി ഉണ്ടാക്കണമെന്നു ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

മീനച്ചിൽതാലൂക്കിലെ ഗതാഗതസൌകര്യങ്ങളെപ്പറ്റി പ്രത്യേകമായി എന്തെങ്കിലും എടുത്തു പറയുന്നതുകൊണ്ടു യാതൊരു പ്രയോജനവുമുണ്ടാകുമെന്ന് എനിക്കു തോന്നുന്നില്ല. അവിടത്തെയ്ക്ക് ആവശ്യമുള്ളതോടുകളേയും പാലങ്ങളേയും പറ്റി പല പ്രാവശ്യവും പറഞ്ഞിട്ടും യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. മീനച്ചിലിൻറെ കേന്ദ്രമായ പാലായ്ക്കു സമീപം ഒരു പാലം വേണമെന്ന് ആവശ്യപ്പെട്ടിട്ടു വളരെനാൾ ആയി. അതിനുവേണ്ടി ഇതിനുമുമ്പു ഒരു ഗണ്യമായ തുക ചെലവാക്കിയെങ്കിലും വെള്ളപ്പൊക്കം വന്നതോടുകൂടി അതു കേടുവന്നുപോകുകയാണു ചെയ്തത്. ആ പാലത്തിൻറെ അഭാവത്തിൽ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾക്കും അപകടത്തിനും കയ്യും കണക്കുമില്ല. എന്നാലും അടുത്തകൊല്ലത്തിലെങ്കിലും ഇതിന് ഒരു പരിഹാരം ഉണ്ടാക്കണമെന്നു ഗവണ്മെൻറ് വിചാരിച്ചുകാണുന്നില്ല.

ഇതിനെപ്പറ്റി പലപ്രാവശ്യവും ഇൻറർപെലേഷൻസ്(Interpellations) അയച്ചിട്ടുണ്ടെങ്കിലും ഈ താലൂക്കിനെ വിസ്മരിച്ചുകളയുകയാണു ചെയ്തിട്ടുള്ളതു്. ചീഫ് എഞ്ചിനീയർ താലൂക്കുതോറും സഞ്ചരിച്ചു ജനങ്ങളുടെ ആവശ്യങ്ങൾ അറിഞ്ഞു് ഗതാഗതത്തിനു കൂടുതൽ സൌകര്യമുണ്ടാക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

Mr. P. K. NARAYANA PILLAI (*Ambalapuzha I*) : Sir, with respect to the merits of the motion before the House, it seems to me that it practically falls flat for, if the Chief Engineer travels to the extent provided for in the budget, he would be entitled to this travelling allowance; if he does not travel, he would not be entitled to it if he travels more, he will come up with a supplementary demand. So it does not matter. But there is importance in the motion inasmuch as certain points may be brought to the notice of the Chief Engineer under cover of his travels. I do concede that it is rather too much to expect him to travel throughout the State and satisfy himself as to the requirements of all parts of the State. So much locomotion cannot be expected of him. He can obviate this difficulty if the Executive Engineers move about to acquaint themselves with the requirements of each locality. Travel as urged is primarily intended to find out the convenience and requirements of each locality. But there are other advantages to be gained by the Chief Engineer moving about. One such advantage, I may at once say, is this. In certain parts of the

LIBRARY ARCHIVES Kerala Legislative Assembly

[Mr P. K. Narayana Pillai.]

State, lines of communication require modifications and alterations with a view to saving of Government expenditure. I may just mention one such instance in my own taluk. There is a road which starts from the front of the Ambalapuzha temple eastwards to Karumady, crosses the Karumady bridge and goes southwards and then proceeds further east to Takazhy. I have been pressing upon the attention of the Executive Engineer as well as the Chief Engineer that an amount of wastage is incurred on account of this road inasmuch as the road with its curves, as it is at present, is exposed to the fury of wind and water and the erosion by floods, since the road passes through vast and extensive paddy fields with nothing to shield the road. Owing to such damage, it has to be repaired often. The people of Karumady are now prepared to surrender gratuitously the lands required to straighten the road right up to Takazhy In that case, it will pass through populated areas and the frequent erosion will not affect the road. It will thus cause saving to Government if the proposed line is adopted. I wrote to Mr. L H. Jacob, the Executive Engineer, but he pleads absence of funds. If the Chief Engineer goes there, he can verify the correctness of my statement. He will find that our request is well-founded and that he can bring about a saving to Government. So far as my constituency is concerned, we have only one road more, the one that goes to Alleppey.

There is another difficulty in regard to my taluk. Every member of this House is speaking about roads. I have to speak of canals and rivers as well. In my taluk they are important necessities as they are the chief means of communication. As I have brought to the notice of Mr. Truscott on previous occasions, if the Thalavady river is silted up, navigation would be prevented to the extent of $2\frac{1}{2}$ miles; and communication between Tiruvalla, Changanacherry and Ambalapuzha would be interrupted if the silting becomes a little more pronounced. As it is, I understood from Mr. Truscott himself that there is only just a foot of water above the bed of the Thalavady river. He inspected the place and he was convinced of the necessity of removing the silt. But he was pleading absence of funds. It is there that the travelling of the Chief Engineer should come to the rescue of the people. He must hammer it upon the head of Government that on inspection he found the river should be dredged, that any money spent now would save a larger expenditure in future and that a stitch in time would save nine. He is not only the Chief Engineer but the is also the adviser to Government on matters of public works : and Government should not hesitate to act up to his advice.

Therefore travelling has got various advantages. If it is judiciously undertaken, he can bring about much saving and suggest various improvements

Further, it is not enough if the Chief Engineer merely goes on travels. He has to make a halt at places where means of communication are asked for. Halting allowance may also to be allowed so that he

LIBRARY ARCHIVES Kerala Legislative Assembly

may halt in various places and convince himself of the requirements of different localities. How can he know whether a road is needed or not at a particular locality if he does not halt there? He is the central authority to judge on these matters. If, on the other hand, he can rely on the Executive Engineers in these matters, that course may be quite enough.

So far as my taluk is concerned, it is quite necessary to link it up with Tiruvalla and Changanacherry on the eastern side so that in times of flood—and they are becoming more frequent and destructive in my taluk—people may easily migrate without suffering. As I said, it is quite a clear necessity to complete the road between Ambalapuzha and Tiruvalla and that is the only road we have been demanding for so many years in the past.

I am therefore submitting, Sir, that so far as this motion is concerned it is immaterial. The motion will not affect the Chief Engineer. I want the matter discussed under the motion to be considered by the Government.

MR. A. EASWARA PILLAI (*Kalkulam II*): I oppose the motion before the House I wish to point out that the Chief Engineer should travel frequently to South Travancore to know the real condition of the roads there. Sir, in the matter of canals, I have to say that at present we have only one canal in South Travancore. That is the A. V. M. canal. The work was commenced years ago. If that work is completed, as has been pointed out by the honourable member for Commerce and Industry, South, I mean Mr. Chidambaram Pillai, it would afford much convenience for boat travellers of South Travancore. Sir, the canal is still incomplete and I draw the attention of the Chief Engineer to see whether it can be completed in the near future.

Sir, there is also another matter which could be noticed by the Chief Engineer if he is allowed to travel frequently. Sir, the numerous toll-gates in South Travancore have become a serious nuisance to the travelling public who use conveyances. Sir, these toll-gates should be abolished.

DEPUTY PRESIDENT: The question of toll-gates is not relevant.

MR. A. S. DAMODARAN ASAN (*Mavelikara*): Is the member aware that the Chief Engineer does not pay tolls?

MR. A. EASVARA PILLAI (*Kalkulam I*): Sir, what I am stating is that, if he is allowed to travel frequently, he will be in a position to see the numerous toll-gates that hamper the traffic and then he will be a position to recommend for the abolition.

MR. A. S. DAMODARAN ASAN (*Mavelikara*): Does the member know that the Chief Engineer does not travel properly?

DEPUTY PRESIDENT: I disallow that question.

MR. N. E. VARUGHESE (*Tiruvalla I*): ടോൾ പിരിക്കുന്ന റോഡുകളിൽ ധാരാളം പണം ചെലവു ചെയ്തു വാഹനങ്ങൾക്കു സഞ്ചരിക്കത്തക്കവിധത്തിൽ ആക്കിത്തീർക്കുന്നുണ്ടോ?

DEPUTY PRESIDENT: That question does not arise.

MR. K. M. KURIAKOSE (*Muvattupuzha II*): It is specifically stated that it refers only to incomplete works.

MR. A. S. DAMODARAN ASAN (*Mavelikara*): Does the member think that the travels made by the Chief Engineer benefit South Travancore as it ought to?

DEPUTY PRESIDENT: I disallow that question.

MR. A. EASWARA PILLAI (*Kaikulam II*): If you reduce the T. A. of the Chief Engineer, it will disappoint him and he may do no travelling at all. Sir, then there is another question to be looked into. If the Chief Engineer is allowed to travel by the Main Southern Road from Trivandrum to Cape, he will be able to see that about 150 buses ply along that road. Then he will be in a position to see the urgent necessity of opening the Trivandrum—Cape Railway and recommend accordingly.

MR. V. K. VELAPPAN NAIR (*Vaikam*): ചീഫ് എഞ്ചിനീയരുടെ ട്രാവലിംഗ് അലവൻസിൽനിന്നും ഒരു ലക്ഷം രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാനും പിൻതാങ്ങുന്നു.

പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിന് ഒരു സ്ഥിരമായ നയം ഇല്ലാത്തതുകൊണ്ട് അനാവശ്യമായി ഒട്ടധികം പണം ചെലവായിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ് എനിക്കു പ്രധാനമായി പറയാനുള്ളത്.

സർ, അനേകകാലത്തെ പ്രക്ഷോഭണത്തിൻെറ ഫലമായി ഏതെങ്കിലും ഒരു ജോലി പൊതുമരാമത്തുഡിപ്പാർട്ടുമെൻറ് സ്വീകരിച്ച് അതിലേയ്ക്കുള്ള തുകയും ബഡ്ജറിൽ ഉൾപ്പെടുത്തിയാൽ അതു തൃപ്തികരമായും ക്ലിപ്തപ്പെടുത്തീട്ടുള്ള കാലത്തിനുള്ളിലും ചെയ്തീർക്കാത്തതുനിമിത്തം ആ ജോലി പിന്നീട് ഒരിക്കലും നടക്കാതെ വരുന്നു.

സ്ഥിരമായ ഒരു നയം സ്വീകരിച്ച് അതനുസരിച്ചു പ്രവർത്തിക്കാത്തതുകൊണ്ടു ഗവണ്മെൻറിനു മുതൽ ഒട്ടധികം അനാവശ്യമായി ചെലവാക്കാൻ ഇടവരുന്നു. ചേർത്തല—ആലപ്പുഴത്തോടിനെപ്പറ്റി വളരെനാൾ പ്രക്ഷോഭണം നടത്തിയതിൻെറ ഫലമായി ഗവണ്മെൻറിൽ നിന്നും അതു നടപ്പാക്കാൻ ഉദ്ദേശിക്കയും ആവശ്യമുള്ള എത്രയും സ്ഥലം പൊന്നും വിലകൊടുത്തു് എടുത്തു് അങ്ങേഅറ്റത്തും ഇങ്ങേഅറ്റത്തുമുള്ള കുറെ സ്ഥലത്തു തോടുവെട്ടുകയും ചെയ്തു. ആ ജോലി തുടർന്നിരുന്നുവെങ്കിൽ വളരെ ഉപകാരപ്രദമായ ഒരുതോടു ചേർത്തലക്കാർക്ക് ഉണ്ടാകുമായിരുന്നു. സ്ഥിരമായ നയത്തിൻെറ അഭാവം നിമിത്തം തോട്ടിനുവേണ്ടി ചെലവാക്കിയ പണം ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുകയാണ്.

MR. K. M. KRISHNAN (*Ambalapuzha II*): ചേർത്തലത്തോടിനെസംബന്ധിച്ചു ഗവണ്മെൻറിനു് എത്രചെലവായിട്ടുണ്ടെന്നു് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. V. K. VELAPPAN NAIR (*Vaikom*) : ശരിയായി എനിക്കറിഞ്ഞുകൂടാ.

MR. K. M. KRISHNAN (*Ambalapuzha II*): ഉദ്ദേശമായിട്ടെങ്കിലും പറയാമോ?

MR. V. K. VELAPPAN NAIR (*Vaikom*) : ഉദ്ദേശം രണ്ടുമൂന്നുലക്ഷം രൂപാ ചെലവുണ്ടായിരിക്കും.

MR. G. NILAKANTAN (*Nominated*): ചേത്തല കനാൽ വെട്ടുന്നതു് ആ തീരത്തുള്ളവർക്കു ദോഷകരമാണെന്നു വിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതായി അറിയാമോ?

MR. V. K. VELAPPAN NAIR (*Vaikom*) : തോട് വെട്ടുന്നതു് ദോഷകരമാണെന്ന് ഒരു വിദഗ്ദ്ധനും അഭിപ്രായപ്പെട്ടിട്ടുള്ളതായി എനിക്കറിവില്ല.

ഇപ്പോഴത്തെ അധഃപതനം മൂലം അത്യാവശ്യജോലികൾപോലും നിർവഹിക്കുന്നതിനു പൊതുരാമത്തുഡിപ്പാർട്ടുമെൻറിൽ പണം ഇല്ലെന്നു പറഞ്ഞുവരുന്നുണ്ടു്. ഈ മാതിരിയുള്ള നയവ്യതിചലനങ്ങൾ കൊണ്ടു നഷ്ടപ്പെട്ടിരിക്കുന്ന സംഖ്യകളെ തിരിച്ചു വസൂലാക്കി എടുക്കുന്നതിനു ഗവണ്മെൻറു ശ്രദ്ധിച്ചാൽ ഏതാനും തുക നമ്മുടെ അത്യാവശ്യത്തിനു കിട്ടുന്നതാണു്. ചേത്തലത്തോടിൻറെ ആവശ്യത്തിനായി ഏറ്റെടുത്തിട്ടുള്ള സ്ഥലം അതിൻറെ അയൽവസ്തുഉടമസ്ഥന്മാർക്കു പതിച്ചുകൊടുക്കുന്നതായാൽ അതിൽനിന്നു് ഏതാനും സംഖ്യ നമുക്കു കിട്ടുന്നതാണു്. വൈയ്ക്കത്തു റൈസ്മിൽ പണിയിക്കുന്നതിനായി കായലോരത്തു് ഒരു ഏക്കർ സ്ഥലം വളരെ വിലകൊടുത്തു വാങ്ങിയതു് ഇപ്പോൾ ഉപയോഗമില്ലാതെ കിടക്കുന്നുണ്ടു്. ഇതുപോലെ മിക്കതാലൂക്കുകളിലും കാണാം. ഈ മാതിരി സ്ഥലങ്ങൾ വിറ്റിട്ടെങ്കിലും നമ്മുടെ അത്യാവശ്യങ്ങൾ നടത്തേണ്ടതാണു്.

അഡ്മിനിസ്ട്രേഷൻറിപ്പോർട്ടിൽ തിരുവിതാംകൂറിലെ സഞ്ചാരസൌകര്യത്തിനായി കണക്കാക്കീട്ടുള്ള റോഡുകളുടേയും തോടുകളുടേയും ആകെദൂരം ൧൯൨൫-ലെക്കാൾ ൧൯൨൬-ൽ കുറവായിട്ടാണു് കാണുന്നതു്. ൧൯൨൬-ാംവശത്തുള്ള പട്ടികനോക്കുക. റോഡു്, തോടു്, മറുസൌകര്യങ്ങൾ എല്ലാംകൂടി ൪,൫൦൦ മൈൽ ൧൯൨൫-ൽ ഉണ്ടായിരുന്നതു് ൧൯൨൬-ൽ ൪൯൯-മൈൽ ആയി കുറഞ്ഞു. ഇതു് എങ്ങിനെ എന്നു എനിക്കു മനസ്സിലാകുന്നില്ല. ൧൯൨൪-ൽ ൮,൫൩൫-മൈൽ റോഡുണ്ടായിരുന്നതു് ൧൯൨൫-ൽ ൯,൫൦൦-മൈലായി വർദ്ധിച്ചു. എന്നാൽ ഓരോ ആണ്ടിലും താരതമ്യേന അവയുടെ മെയിൻറനൻസ്സിനുള്ള തുക വർദ്ധിച്ചിട്ടില്ലെന്നു് ഡിപ്പാർട്ടുമെൻറിൽനിന്നും കൊടുത്തിട്ടുള്ള സ്റ്റേറുമെൻറിൽനിന്നും കാണാവുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. MAHOMED (*Alwaye*) : Sir, the progress of a country mainly depends upon sufficient means of communication, such as roads, canals, bridges, etc. But as far as the taluks in North Travancore are concerned, especially Kunnattnad, Muvattupuzha, Parur, and Todupuzha, except the main central road there are no branch roads. Hence people who live in the interior parts are put to great difficulties to step even outside their respective houses. From time to time, representations were to Government pointing out the extreme necessity of constructing a bridge across the Periyar near the ferry at Alwaye. Alwaye is a place whose importance is two-fold. It is a commercial centre as well as a health resort. During times of flood, it is a hopeless place. All the low-lying areas will be covered by water. In view of the fact that citizens live on either side of the river, and in view of the fact that it is very close to the Cochin Harbour, a bridge across the Periyar is quite essential.

Representations were also made to Government and the Chief Engineer for finishing the work of Thadikkakadavu-Manjaly road. One portion of this road was finished some years back. Last year a small amount was allotted for this and it was allowed to lapse. This year also a provision of Rs. 5,000 is made. I don't know whether this will also be allowed to lapse. We want also a road connecting Edappalli and Parur. The distance of these roads is very little It may range from 2 furlongs to a mile and a half at the most.

Another point which I have to bring to the attention of the Chief Engineer is about the places which have been cut off by the Cochin-Shoranur Railway. People are experiencing great difficulties to travel on account of the railway line which they have to cross. According to the Railway Rules, they stand the chance of being prosecuted. This matter was brought to the notice of the Cochin Government and of the South Indian Railway Company; but they informed us that it is a matter to be settled by the Travancore Government. In the Cochin State where roads have been cut off by Railway authorities, they have provided level crossings and gates for the convenience of the people of that State. But, in Travancore alone, we have to violate the rules of the South Indian Railway Company. I submit that it is the duty of the Travancore Government to move the Cochin Government or the South Indian Railway Company to erect level crossings and gates at the proper places.

DEPUTY PRESIDENT : I find gentlemen rising a number of times in their seats in order to get opportunity to speak on the motion. For instance, Mr. Sankaran, Mr. Ramakrishna Panickar, Mr. John Joseph Mr. Padmanabhan, Mr. S. J. Nair and Mr. Kuriakose have stood up several times.

MR. R. SIVARAMAN NAIR (*Tiruvella II*) ; Myself too, Sir.

MR. A. THANU PILLAI (*Trivandrum—Rural*) : Others did not stand up because they thought there was not much use in standing up.

LIBRARY ARCHIVES Kerala Legislative Assembly

DEPUTY PRESIDENT : I did not take it that others did not want to speak on this motion.

MR. K. M. KRISHNAN (*Ambalapuzha II*): I am also one of those who stood up, Sir.

MR. PACODE A. NARAYANA PILLAI (*Vilavankod*) : Sir, I support the motion. I do realise that the reduction of Re. 1 is not going to make any appreciable charge in the actual work of the department or in the policy pursued by it. Anyhow, Sir, this is the only opportunity for me to point out the various defects in the administration of the department by its present head.

It has been stated very often here that the present Chief Engineer is very fond of travelling. He has appropriately been called, and he can even be addressed as Dux.

Sir, I too could have prepared a pretty long list of the requirements of my constituency. I may say that I do not propose to inflict such a list on the Chief Engineer. But I must point out to him that the M. S. Road used to be called the best road for pedestrian traffic in the whole of South India if not in the whole of India ; buses and motor cars can go along any kind of road ; it is the pedestrian that will feel the inconvenience if the road is bad it was a pride for Travancore. This M S. Road covers a distance of about 50 miles from the capital to the frontier. Anyone who has travelled along this road just a couple of weeks ago when we had some drizzling I will not say rain, Sir, because it is a long time since we had it—would testify to the fact that the condition of the road is now really deplorable especially that portion of it which lies within the Trivandrum Division. I understand, Sir, that the annual maintenance expenditure per mile of this road is greater, far greater, than that on any other road in Travancore. I think it is over Rs. 1,500 per mile. I was wondering, as I was travelling along this road, what the engineering authorities are doing with all this money. I daresay that even those who were driving in the best of sedan cars could not have escaped the rude shocks and uncomfortable jerks on account of the bad ruts in this road. It is really a shame upon our Engineering Department.

MR. N. E. VARUGHESE (*Tiruvalla I*) : ഈ റോഡുകളിൽ ശരിയായി മെയിൻറനൻസ്സ് നടക്കുന്നുണ്ട് എന്നറിയാമോ?

MR. PACODE A. NARAYANA PILLAI (*Vilavankod*) : തീച്ചയായും മെയിൻറനൻസ്സ് നടക്കുന്നില്ല.

MR. N. E. VARUGHESE (*Tiruvalla I*) : ഒരു മൈലിന നിശ്ചയിച്ചിട്ടുള്ള ഫ,@ o o -ത്തുകയും എങ്ങനെ ചെലവാകുന്നു എന്നു അറിയാമോ?

MR. PACODE A. NARAYANA PILLAI : (*Vilavankod*) : . റോഡിനുവേണ്ടി ചെലവാക്കുന്നില്ലെന്നുള്ളതു തീർച്ചയാണ്.

DEPUTY PRESIDENT : It is not relevant.

LIBRARY ARCHIVES Kerala Legislative Assembly

MR. PACODE A. NARAYANA PILLAI (*Vilavankod*): Another important means of communication, so far as South Travancore is concerned, is the A. V. M. Canal. This waterway was opened in order to facilitate cheap transport of goods from the northern frontier to the southern parts of the State; and, as the name itself shows, it was associated with the late revered Queen Victoria and with our late Maha Raja Martanda Varma.

MR. G. NILAKANTAN (*Nominated*): May I know the number of cross canals that cross this canal?

MR. PACODE A. NARAYANA PILLAI (*Vilavankod*): I do not catch the member, Sir.

MR. G. NILAKANTAN (*Nominated*): I am referring to channels, Sir.

DEPUTY PRESIDENT: Channel is different from canal: that is the difficulty.

MR. G. NILAKANTAN (*Nominated*): May I know the number of drainage channels that go across this A. V. M. Canal?

MR. PACODE A. NARAYANA PILLAI (*Vilavankod*): I suppose I am not bound to answer the question.

MR K. SANKARAN (*Kartikapalli I*): Sir, each member has been pressing the needs of his own constituency under this motion, so that I am anxious that my own constituency should not suffer for default.

Sir, my constituency includes some of the coastal *pakuthies* of the Karunagapalli and Kartikapalli taluks. My constituency is not only deficient in means of communication, but it also lacks in means of good drinking water. If only the present Chief Engineer had thought it fit to pay a visit to any part of my constituency, he would surely have provided funds for the supply of good drinking water and for the improvement of means of communication in my constituency. Of all the constituencies in the State, mine, composed as it is of parts of two taluks, has the smallest length of roads maintained by public funds. I would appeal to the Chief Engineer to bear this fact in view and to remember to provide sufficient funds at least in the next budget. We lack means of communication both by water and by land. I admit, Sir, that it is not possible in one year to allot funds for all works in all the taluks of the State. My submission is that the Chief Engineer should consider the relative importance and relative urgency of the needs of the different taluks before he makes provision in the budget.

MR. V. RAMAKRISHNA PANICKAR (*Kartikapalli II*): I support the motion. Sir, the object of the motion, as I understand it, is to criticise the policy followed by the department. Those who opposed the motion as also those who supported the motion have had only that same object in view. So far as I am concerned, there are just two or three points which I want to impress upon the Government.

The Public Works Department does not pay due attention to the means of communication in mofussil parts in general. While large sums of money are being spent in the Capital, even necessities in the

LIBRARY ARCHIVES Kerala Legislative Assembly

matter of means of communication are denied to the mofussil parts. So far as Kartikapalli, the taluk which I represent, is concerned, the means of communication are very limited. The total length of metalled road in the taluk is only less than ten or twelve miles. Considering the importance of the taluk, considering the revenue realised by Government from the taluk, it must be admitted that the condition of means of communication there is really deplorable. Even at the last Budget Session, I pointed out the necessity for improving and metalling certain village roads in the taluk. There is, for instance, the Kartikapalli-Kayankulam road *via* Muthukulam. I see, Sir, that, in the budget now before us, there is a provision of Rs. 15,000 for constructing a road from Nangayarkulangara to Kayankulam, rather than for the conversion of the Kartikapalli-Kayankulam road into a cart road. My only fear is that this amount would be diverted for other purposes. The road that I referred to lies parallel to the road the repair of which is provided for in the budget. If it is not possible to take up the construction of the Kartikapalli-Kayankulam road *via* Mutukulam this year, I would request the Department to open a number of cross-roads between that road and the road referred to in the budget. That at least may be done this year.

MR. A. S. DAMODARAN ASAN (*Mavelikara*): May I know who said that the construction of that road is not possible?

MR. V. RAMAKRISHNA PANICKAR (*Kartikapalli II*): Of course that is my information. The Chief Engineer himself in answer to a question last time, (President's bell rang a second time).

MR. A. S. DAMODARAN ASAN (*Mavelikara*): Is it not subsequent to that that provision was made?

DEPUTY PRESIDENT: The second bell has gone. I want to say this. I mentioned some names. It was only informal. Members who want to talk will have to catch the eye of the Chair.

MR. V. RAMAKRISHNA PANICKAR (*Kartikapalli II*): Sir, I may be allowed to continue.

DEPUTY PRESIDENT: The member must take his seat, as I am on my legs.

MR. V. RAMAKRISHNA PANICKAR (*Kartikapalli II*): I have not yet finished.

DEPUTY PRESIDENT: I am very sorry that the member has not finished. The second bell has gone and I cannot allow the member to continue. I mentioned certain names, but Mr. Kottur Kunjukrishna Pillai was not then here Certain gentlemen tried to rise up and speak and just to save the time of the House, I called out certain names.

The House will now adjourn and meet again tomorrow at 11-0' clock.

The House adjourned at 5-2 P. M.

K. MADHAVA KURUP,
Secretary to the Sri Mulam Assembly.

LIBRARY ARCHIVES Kerala Legislative Assembly